# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം .2212 06.10.2016 ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ഉണ്ണി | പ്രൊഫ :സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

### ഭിന്നശേഷിയുള്ള വിദ്യാർത്ഥികളുടെ പഠനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ഭിന്നശേഷിയുള്ള വിദ്യാർത്ഥികളുടെ പഠനത്തിനായി ഏതെല്ലാം രീതിയിലാണ് സാമ്പത്തിക സഹായവും മറ്റും നൽകി വരുന്നത് ; വിശദാംശം ലഭ്യമാക്കാമോ ; | എ) | ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് ബുക്ക് & സ്റ്റേഷനറി അലവൻസ് (പ്രതിവർഷം 400/-രൂപ), എസ്കോർട്ട് അലവൻസ് (പ്രതിവർഷം 750/- രൂപ), റീഡേഴ്സ് അലവൻസ് (പ്രതിവർഷം 500/- രൂപ), യൂണിഫോം അലവൻസ് (പ്രതിവർഷം 500/- രൂപ) , ട്രാൻസ്പോർട്ട് അലവൻസ് (പ്രതിവർഷം 500/- രൂപ) എന്നിവ നൽകി വരുന്നു. ഇവയ്ക്കു പുറമെ ഒമ്പത് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ അലവൻസ് (പ്രതിമാസം 1000/- രൂപ, ഒരു വർഷത്തേയ്ക്ക് പരമാവധി 10,000/- രൂപ) സഹായ ഉപകരണങ്ങൾ വാങ്ങിക്കുന്നതിനുള്ള സമ്പത്തിക സഹായം (തുക ആവശ്യപ്പെടുന്ന ഉപകരണങ്ങളുടെ വിലയനുസരിച്ച്) എന്നിവയും നൽകി വരുന്നു. |
| ബി) | പ്രസ്തുത സാമ്പത്തിക സഹായം വർദ്ധിപ്പിക്കാൻ ആലോചിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | ബി) | ഇല്ല.<br>100% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിയ ടി പദ്ധതി നിലവിൽ 60:40 എന്ന അനുപാതത്തിലാണ് നടപ്പിലാക്കിവരുന്നത്. |

സെക്ഷൻ ഓഫീസർ